**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

**സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്**

01-10-2018 മുതൽ 31-03-2019

വാർഡ് 13 കീരങ്കി

തുറയൂർ ഗ്രാമപഞ്ചായത്ത്

മേലടി ബ്ലോക്ക്

കോഴിക്കോട് ജില്ലമഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)

സോഷ്യൽ ഓഡിറ്റ് ടീം അംഗങ്ങൾ

അഞ്ജലി ടി എം VRP

അനുശ്രീ എം കെ VRP

അനുശ്രീ എം ജി VRP

അമൃത പി VRP

ആതിര രാജൻ എൻ വി VRP

**പഞ്ചായത്തിൻറെ അടിസ്ഥാനവിവരങ്ങൾ**

| | |
|---|---|
| പഞ്ചായത്തിൻറെ പേര് | തുറയൂർ ഗ്രാമപഞ്ചായത്ത് |
| വിസ്തീർണ്ണം | 10.4 8 ചതുരശ്ര കിലോമീറ്റർ |
| ജില്ലാ പഞ്ചായത്ത് | കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് മേലടി |
| വാർഡുകളുടെ എണ്ണം | 13 |
| താലുക്ക് | കൊയിലാണ്ടി |

**പഞ്ചായത്ത് അതിരുകൾ**

കിഴക്ക്- മേപ്പയൂർ കീഴരിയുർ പഞ്ചായത്തുകൾ

പടിഞ്ഞാറ് - മണിയൂർ പയ്യോളി മുനിസിപ്പാലിറ്റി തിക്കോടി പഞ്ചായത്ത്

തെക്ക്- തിക്കോടി മൂടാടി കീഴരിയൂർ പഞ്ചായത്തുകൾ

വടക്ക് - മണിയൂർ ചെറുവണ്ണൂർ മേപ്പയൂർ പഞ്ചായത്തുകൾ

**ജനസംഖ്യ**

| | |
|---|---|
| പഞ്ചായത്തിൻറെ പേര് | തുറയുർ |
| ആകെ ജനസംഖ്യ | 12730 |
| സ്ത്രീ | 6631 |
| പുരുഷൻ | 6199 |

**വാർഡ് 13 കീരങ്കി**

കോഴിക്കോട് ജില്ലയിലെ മേലടി ബ്ളോക്കിൽ തുറയൂർ പഞ്ചായത്തിലെ വാർഡ് 13 കീരങ്കി ആണ് സോഷ്യൽ ഓഡിറ്റ് വേണ്ടി തിരഞ്ഞെടുത്തത്.വാർഡ് പതിനൊന്നിൽ 6 പൊതു പ്രവർത്തികളാണ്

തൊഴിലുറപ്പ് പദ്ധതി യിലൂടെ 2018 ഒക്ടോബർ 1 മുതൽ 2019 മാർച്ച് 31 വരെയുള്ള കാലയളവിൽ ഏറ്റെടുത്തു നടത്തിയത് അഞ്ച് പ്രവർത്തികൾ ഗ്രൂപ്പ് Aവിഭാഗത്തിൽപെടുഇതിൽ ആറ് പ്രവർത്തികളും പൂർത്തീകരിച്ച് താണ്.അഞ്ച് പ്രവർത്തികൾവിഭാഗം എയിൽ പെടുന്ന മണ്ണ് ജലസംരക്ഷണ പ്രവൃത്തിയിൽ  പെടുന്നതും  ഒരു പ്രവർത്തി ഗ്രൂപ്പ് ഡി യിൽ ഉൾപ്പെടുന്ന റോഡ് നിർമ്മാണവും ആണ്

പ്രദേശത്തിന് അനുയോജ്യമായ പ്രവൃത്തികളാണ് തിരഞ്ഞെടുത്തിട്ടുള്ളത്തൊഴിലാളികൾക്ക് അവരുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും ദാരിദ്ര്യ ലഘൂ കരണത്തിനും  പ്രവൃത്തി ഉപകരിക്കും. പൊതുവേ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശമായതിനാൽ വാർഡിൽ നടത്തിയിരിക്കുന്ന ജലസംരക്ഷണ പ്രവർത്തികൾ ഭൂഗർഭ ജലത്തിൻറെ അളവ് വർദ്ധിപ്പിക്കുവാൻ സഹായിക്കുന്നു.

**ആമുഖം**

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതിനു വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത് പദ്ധതിയാണ് മഹാത്മാഗാന്ധിv ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണജനത ബുദ്ധിമുട്ട് അനുഭവിക്കുമ്പോൾ അവർക്ക് 100 ദിവസത്തെ തൊഴിൽ എങ്കിലും ഉറപ്പുവരുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു.  ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ ഭാരതത്തിന്റെ   മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ഇന്ത്യയിലെ ഏറ്റവും പിന്നോക്കം ആയ 200 തമിഴ് ജില്ലകളിൽ 2006 ഫെബ്രുവരി ഇരുപതാം തീയതി നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു കേരളത്തിൽ വയനാടും പാലക്കാടും 200 ജില്ലകളിൽ ഉള്പ്പെട്ടിരുന്നു. 2007 മെയ് 15ന് 130 ജില്ലകളിലേക്ക് കൂടി വ്യാപിച്ചു ഇടുക്കി കാസർകോട് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു. 2008 ഏപ്രിൽ ഒന്നിന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട് ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശ അധിഷ്ഠിത തൊഴിൽ നിയമം എന്ന നിലയിലും ഗ്രാമീണമേഖലയിൽ ദാരിദ്ര ലഘൂകരണ ത്തിൽ നിർണായകമായ വഴിത്തിരിവ്  സൃഷ്ടിച്ച പദ്ധതി എന്ന കാര്യം പരിഗണിച്ചും 2009 ഒക്ടോബർ ഇരുപതാം തീയതി കേന്ദ്രസർക്കാർ ഈ നിയമത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്ന് പുനർനാമകരണം ചെയ്തു.

- തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്ന്  അതിനു നിർണയിക്കപ്പെട്ടിട്ടുള്ള  വേതനം നിർദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിന് ഇന്ത്യൻ പാർലമെൻറ് പാസാക്കിയിട്ടുള്ള  നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2005 ആഗസ്റ്റ് 23 തീയതിയിലാണ് പാർലമെൻറ് ഈ നിയമം  പാസാക്കുന്നത്.

- തൊഴിലും വേതനവും നിർദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പുവരുത്തും എന്നതാണ് ഈ നിയമത്തിൻറെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിൽ എടുത്തശേഷം വേതനം വൈകു കയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു

- തൊഴിൽ ആവശ്യപ്പെടുന്ന വർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണം എന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിനു  അർഹതയുണ്ടായിരിക്കും. അതു പോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം  വൈകിയാൽ ഇങ്ങനെ വൈകുന്ന ഓരോ ദിവസത്തിനും നഷ്ടപരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മ വേതനമോ  ഉറപ്പായും  ഉറപ്പ് വരുത്തുന്നു എന്നതാണ് തൊഴിലുറപ്പ് നിയമത്തിൻറെ പ്രത്യേകത

ഈ പദ്ധതി പ്രകാരം തൊഴിൽ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ

- 18 വയസ്സ് പൂർത്തീകരിക്കുക.

- കായികാധ്വാനത്തിനു തയ്യാറാവുക

- ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കുക എന്നിവയാണ്

- എന്നാൽ 2014 ലെ പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം നാടോടികളായ തൊഴിലന്വേഷകർക്ക് തൊഴിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്ന എല്ലാ പ്രവർത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കണമെന്ന് 17(2) വകുപ്പ് നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനം ചെലവഴിക്കുന്നതിന് പറ്റിയും പൗരസമൂഹം നടത്തുന്ന പരസ്യവും സ്വതന്ത്രവുമായ പരിശോധനയും ആണ് സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹിക കണക്ക് പരിശോധന. തൊഴിലുറപ്പ് നിയമപ്രകാരം വർഷത്തിൽ രണ്ടുപ്രാവശ്യം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേണ്ടതാണ്. സോഷ്യൽ ഓഡിറ്റ് ലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പു വരുത്തുന്നതിനും കാര്യക്ഷമത വർധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു. പദ്ധതി പണം ശരിയായ രീതിയിൽ ചിലവായിച്ചിട്ടുണ്ടോ എന്നും ഈ പണം ചെലവഴിച്ചത് കൊണ്ട് പദ്ധതിയുടെ ലക്ഷ്യം കൈവരിച്ചിട്ടു ണ്ടോ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായും മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽ ഓഡിറ്റ് പ്രക്രിയയ്ക്ക് കണ്ടെത്താൻ കഴിയുന്നു

**രീതിശാസ്ത്രം**

- പ്രവർത്തി ഫയലുകൾ, പ്രവർത്തി സ്ഥലങ്ങൾ, എം ഐ എസ എന്നിവ പരിശോധിച്ചു.

- റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ

- തൊഴിലാളികളുമായി സംവദിച്ചു തൊഴിൽ കാർഡ് പാസ്ബുക്ക് എന്നിവ പരിശോധിച്ചു

- റിപ്പോർട്ട്, എം ഐ എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി

**തൊഴിലുറപ്പ് നിയമം തൊഴിലാളികൾക്ക് പത്ത് അവകാശങ്ങൾ പ്രധാനം ചെയ്യുന്നു അവ എന്താണെന്ന് ചുവടെ ചേർക്കുന്നു**

1 തൊഴിൽ കാർഡ് ലഭിക്കുവാനുള്ള അവകാശം

2അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈ പറ്റു രസീത് ലഭിക്കുന്നതിനും ഉള്ള അവകാശം

3 അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ ഉള്ള അവകാശം( ആദ്യത്തെ 30 ദിവസം 1/4 പിന്നീടുള്ള ദിവസങ്ങളിൽ ½)

4 ഷെൽഫ് ഓഫ് പ്രൊജക്ട് തയ്യാറാക്കുന്നതിനുള്ള അവകാശം

5 അഞ്ചു കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം, ( അല്ലെങ്കിൽ വേതനത്തിന്റെ10% അധികം)

6 കുടിവെള്ളം, വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം

7 15 ദിവസത്തിനുള്ളിൽ വേതനം nലഭിക്കുവാൻ ഉള്ള അവകാശം

8 വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള അവകാശം

9 സമയബന്ധിതമായ ഉള്ള പരാതി പരിഹാരത്തിന് ഉള്ള അവകാശം

10 സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം

**സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവർത്തികൾ**

1 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ കയ്യാല നിർമ്മാണം ഒന്നാം ഘട്ടം(1604007005 /WC/3051727)

2 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണം ഒന്നാംഘട്ടം(1604007005/wc/333055)

3 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ കയ്യാല നിർമ്മാണം(1604007005/wc/38017)

4 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജല സംരക്ഷണം രണ്ടാംഘട്ടം (160400 7005/wc/ 333057)

5 അകലമുള്ള നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ കയ്യാല നിർമ്മാണം രണ്ടാം ഘട്ടം(1604070 05/ wc/3333057)

6 വെള്ളത്തേടത്ത് താഴെ റോഡ് നിർമ്മാണം (1604007005/Rc/254705)

പഞ്ചായത്തിൽ നീർത്തട ത്തിൻറെ അടിസ്ഥാനത്തിലാണ് പ്രവൃത്തി ഫയലുകൾ തയ്യാറാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ പൊതു പ്രവൃത്തി ഫയലുകളിൽ അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന 6 വാർഡുകൾ ഉൾപ്പെടുന്നു. (വാർഡ് 1 ചിറക്കര, വാർഡ് 2 പയ്യോളി അങ്ങാടി, വാർഡ് 10 ആക്കൂൽ, വാർഡ് 11 കുന്നം വയൽ, വാർഡ് 12 മലോൽ താഴെ, വാർഡ് 13 കീ രങ്കി )

| ക്രമ നമ്പർ | വർക്ക് കോഡ് | പ്രവൃത്തി യുടെ പേര് | പ്രവൃത്തി യുടെ സ്ഥിതി | വേ തനം | തൊഴിൽ ദിനം |
|---|---|---|---|---|---|
| 1 | 1604007005 /WC/301727 | അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ | Completed | അവിദഗ്ധ – 429556 | 1625 |

| | | | | | |
|---|---|---|---|---|---|
| | | കയ്യാല നിർമ്മാണം ഒന്നാം ഘട്ടം | | | |
| 2 | 1604007005/wc/333055 | അകലാപ്പുഴനീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണം ഒന്നാംഘട്ടം) | Completed | അവിദഗ്ധ – 462597 | 1707 |
| 3 | (1604007005/wc/338017 | അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ചെറുകിട നാമമാത്രകർഷകരുടെ ഭൂമിയിലെ കയ്യാല നിർമ്മാണം | Completed | അവിദഗ്ധ – 205425 | 747 |
| 4 | 16 0 4 0 0 7 005/wc/ 333057 | അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജലസംരക്ഷണം രണ്ടാംഘട്ടം | Completed | അവിദഗ്ധ – 428175 | 1707 |
| 5 | 16 0 4 0 7 0 0 5/ wc/3 331728 | അകലമുള്ള നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ കയ്യാല നിർമ്മാണം രണ്ടാം ഘട്ടം | Completed | അവിദഗ്ധ – 403975 | 1469 |
| 6 | 1 6 0 4 0 0 7 0 0 5/Rc/254705 | വെളുത്തേടത്ത് താഴെ റോഡ് നിർമ്മാണം | Completed | അവിദഗ്ധ – 6050 വിദഗ്ധ– 217940 | 54 |

**വിശദാംശങ്ങൾ**

1 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ കയ്യാല നിർമ്മാണം ഒന്നാം ഘട്ടം(1604007005/wc/301727)

പ്രവൃത്തി 27/09/2018 ആരംഭിച്ച് 9/10/ 2018 ന് അവസാനിച്ചു. പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക 500000 രൂപ. 27/9/ 2018 - 4 /10/2018, 5 /10 /2018- 9 /10/ 2018 എന്നിങ്ങനെ രണ്ടു ഘട്ടങ്ങളായാണ് പ്രവർത്തി നടന്നത്. ഈ പ്രവർത്തിയിലൂടെ 1625 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വേതന ഇനത്തിൽ 423302 രൂപയും പണിയായുധ വാടകഇനത്തിൽ 6248 രൂപയും നൽകിയിരിക്കുന്നു.

2 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജല സംരക്ഷണം ഒന്നാംഘട്ടം (1604007005/wc/333055 )

ഈ പ്രവൃത്തി 13/ 11/ 2018 ന് ആരംഭിച്ച് 28/11/ 2018 നു പൂർത്തീകരിച്ചു. എസ്റ്റിമേറ്റ് തുക 500000 രൂപ.15 /11 /2018 മുതൽ 21/ 11/ 2018 വരെയും 22/11/2018 മുതൽ 28 /11/ 2018 വരെ എന്നിങ്ങനെ രണ്ട് ഘട്ടങ്ങളായാണ് പ്രവർത്തി പൂർത്തീകരിച്ചത്. ഈ പ്രവർത്തിയിലൂടെ 1707 തൊഴിൽദിനങ്ങൾ സൃഷ്ടിച്ചു. വേതനമായി 462597 രൂപ ചെലവഴിച്ചു

3 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ചെറുകിട നാമമാത്ര കർഷകരുടെ ഭൂമിയിലെ കയ്യാല നിർമ്മാണം 1604007005/wc/33807)

പ്രവൃത്തി 7/3/ 2019 ന് ആരംഭിച്ച് 23/3/2019 നു പൂർത്തീകരിച്ചു.പ്രവർത്തിയുടെ എസ്റ്റിമേറ്റ് തുക 500000 രൂപ. 7/ 3/ 2019 മുതൽ 11/ 3/2019 വരെ 4/ 3/ 2019 മുതൽ 20/ 3/ 2019 വരെ 21/ 3/ 2019 മുതൽ 23 /3 /2019 വരെയും എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് പ്രവൃത്തി നടന്നത്. ഈ പ്രവൃത്തി യിലൂടെ 747 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചു.തൊഴിലാളികൾക്ക് വേതന മായി 202437 രൂപയും വാടകയിനത്തിൽ 2988 രൂപയും നൽകി.ക

4 അലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ മണ്ണ് ജല സംരക്ഷണം രണ്ടാംഘട്ടം(1604007005/wc/333057)

പ്രവൃത്തി 6/12/2018 ആരംഭിച്ചു 4/ 3/2018 ന് പൂർത്തീകരിച്ചു. 6/12/ 2018 മുതൽ 12/12/2018 വരെ,13/12/ 2018 മുതൽ 19/12/2018വരെ,15/12/ 2019 മുതൽ 21/2/2019വരെയും26/2/ 2019 മുതൽ 4/3/2019വരെ എന്നിങ്ങനെ നാല് ഘട്ടങ്ങളായിട്ടാണ് പ്രവൃത്തി നടന്നത്. ഈ പ്രവർത്തിയിലൂടെ 1707 സൃഷ്ടിക്കാനും വേതനമായി 462597 രൂപയും പണിയായുധ വാടകയിനത്തിൽ 6228 രൂപയും നൽകിയിരിക്കുന്നു.

5 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്ന ഭൂമിയിൽ കയ്യാല നിർമ്മാണം രണ്ടാം ഘട്ടം(1604007005/wc/301728)

പ്രവൃത്തി 11/10/2018 നു ആരംഭിക്കുകയും 29/10/2018 ന് അവസാനിക്കുകയും ചെയ്തു.11/10 /2018 മുതൽ 17/10/2018 വരെയും 23/ 10/ 2018 മുതൽ 29/10/ 2018 വരെയും ഇങ്ങനെ രണ്ട് ഘട്ടങ്ങളായാണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്. ഈ പ്രവർത്തിയിലൂടെ 1469 തൊഴിൽദിനങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. തൊഴിലാളികൾക്ക് വേ തനമായി 398099 രൂപയും പണിയായു ധ വാടകയായി 5876 രൂപയും നൽകി.

6 വെള്ളത്തേടത്ത് താഴെ റോഡ് (1604007005/wc/254705)

പ്രവൃത്തി യുടെ എസ്റ്റിമേറ്റ് തുക മൂന്നു ലക്ഷം രൂപയാണ്. പ്രവൃത്തി 8 /2 /2019 ന് ആരംഭിച്ച 19/ 2 /2019 ന് പൂർത്തീകരിച്ചു. അഞ്ച് അവിദഗ്ധ തൊഴിലാളികൾ 22 തൊഴിൽ ദിനങ്ങളും 6 വിദഗ്ധ തൊഴിലാളികൾ 32തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചു. വേതന അടിസ്ഥാനത്തിൽ ആകെ 29962 രൂപ ചെലവഴിച്ചു മെറ്റീരിയൽ ഇനത്തിൽ 194028 രൂപയും ആകെ പദ്ധതിച്ചെലവ് 223990 രൂപയും ആണ്.

വാർഡ് പതിമൂന്നിൽ നടന്ന ആറു പ്രവൃത്തികളിൽ അഞ്ച് പ്രവർത്തികളും മണ്ണുജല സംരക്ഷണത്തിൽ ഉൾപ്പെടുന്നവ യായ കോണ്ടൂർ ബണ്ട് മണ്ണ് കയ്യാല എന്നിവയാണ്. മണ്ണ് ജലസംരക്ഷണപ്രവൃത്തി ആയിരുന്നിട്ടും വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നതായി അറിയാൻ സാധിച്ചു. തൊഴിലാളികൾ പ്രവർത്തി ചെയ്തഭൂവുടമകളുടെ വിവരങ്ങൾ വാർഡിലെ മേറ്റു മാരാണ് പഞ്ചായത്തിൽ എത്തിക്കുന്നത്. മണ്ണ് ജലസംരക്ഷണ പ്രവർത്തനത്തിൽ ഉൾപ്പെടുന്ന കയ്യാല നിർമ്മാണം ഭൂവുടമകൾക്ക് ഉപകാരപ്പെടുന്നതായാണ് അറിയാൻ സാധിച്ചത്. വാർഡിൽ പ്രവർത്തി സ്ഥല സന്ദർശനത്തിൽ നിന്നും 805. 5 മീറ്റർ കയ്യാല അളന്നു തിട്ടപ്പെടുത്താൻ സാധിച്ചു തൊഴിലാളികൾ അവരുടെ പ്രവർത്തി നല്ല രീതിയിൽ പൂർത്തീകരിച്ചിട്ടുണ്ട് എങ്കിലും വാർഡ് 13 അകലാപ്പുഴ നീർത്തടത്തിൽ ഉൾപ്പെടുന്നതാണ് അതുകൊണ്ടുതന്നെ വെള്ളം കയറുന്ന പ്രദേശമായതിനാൽ ചിലയിടങ്ങളിൽ കയ്യാലകൾ തകർന്നുപോയ തായും കാട് പിടിച്ചിരിക്കുന്ന തായും കാണാൻ കഴിഞ്ഞു. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ തൊഴിലാളികൾക്ക് മുൻപ് പ്രവർത്തി ചെയ്ത സ്ഥലത്ത് തന്നെ വീണ്ടും ചെയ്യേണ്ടതായി വരുന്നുണ്ട്. വാർഡ് 13 ഫീൽഡ് സന്ദർശനത്തിൽ കാണാൻ കഴിഞ്ഞ കയ്യാലയുടെ അളവ് താഴെ നൽകുന്നു

.

| ഭൂ ഉടമയുടെ പേര് | കയ്യാലയുടെ അളവ് |
|---|---|
| | |
| നമ്പി തടത്തിൽ സുരേഷ് | 29m |
| ചെത്തിൽ നാരായണൻ | 26m |
| നമ്പിതടത്തിൽ സുരേഷ് | 29m |
| കൈത വളപ്പിൽ ബാലകൃഷ്ണൻ | 34.50m |
| മണപ്പുറത്ത് മൊയ്തീൻ | 30m |
| മണപ്പുറത്ത് സൈനബ | 50m |
| പടന്നയിൽ ദേവൻ | 70m |
| പുഴകരാട്ട് ഹസൈനാർ | 40m |
| പുഴകരാട്ട് അഷ്റഫ് | 40m |
| കട്ടിലേരി മൂസ | 158mm |
| എടത്തിൽ പീടിക സബിയ | 35m |
| കോവുമ്മേൽ ബിയ്യാത്തു | 45m |
| തൈ തോട്ടത്തിൽ ബുഷ്റ | 41m |
| തൈ തോട്ടത്തിൽ റസിയ | 35.5m |

| | |
|---|---|
| കൈത വളപ്പിൽ ബാലകൃഷ്ണൻ | 34.50m |
| പുഴകറാട്ട് മുസീബ | 42m |
| മണപ്പുറത്ത് ഖദീജ | 70m |

മണ്ണ് ജലസംരക്ഷണ പ്രവൃത്തികളിൽ പ്രധാനപ്പെട്ടതാണ് കോണ്ടൂർ ബണ്ട് നിർമ്മാണം. മഴവെള്ളം മണ്ണിലേക്ക് ഇറങ്ങാനും മണ്ണൊലിപ്പ് തടയാനും കോണ്ടൂർ ബണ്ടുകൾ സഹായിക്കുന്നു. വാർഡിൽ പ്രവർത്തി സ്ഥലങ്ങൾ സന്ദർശിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് പലയിടങ്ങളിലും കോണ്ടൂർ ബണ്ടുകൾ തകർന്ന നിലയിലും കാടുപിടിച്ച് നിലയിലുമാണ് കാണാൻ കഴിഞ്ഞത് അകലാപുഴ നീർത്തടത്തിൽ ഉൾപ്പെടുന്നത് കൊണ്ടും കഴിഞ്ഞ മഴയിൽ വെള്ളം കയറിയ പ്രദേശമായതിനാലാണ് കോണ്ടൂർ ബണ്ടുകൾ നശിച്ചു പോയത് എന്നാണ് പ്രവർത്തി സന്ദർശനത്തിലൂടെ മനസ്സിലാക്കാൻ സാധിച്ചത്.

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ**

1 തൊഴിൽ കാർഡിനുള്ള കുടുംബ അപേക്ഷയുടെ രജിസ്റ്റർ

2 രണ്ട് ഗ്രാമസഭ രജിസ്റ്റർ

3 ആവശ്യപ്പെട്ടതും തൊഴിൽ നൽകിയതും ആയിട്ടുള്ള രജിസ്റ്റർ

4 വർക്ക് രജിസ്റ്റർ

5 ആസ്തി രജിസ്റ്റർ

6 മെറ്റീരിയൽ രജിസ്റ്റർ

7 പരാതി രജിസ്റ്റർ

2018 19 സാമ്പത്തികവർഷത്തെ രജിസ്റ്ററുകൾ എം ഐ എസ്സിൽ നിന്നും ശേഖരിച്ചിട്ടുണ്ട്. പരാതി രജിസ്റ്ററുകളി ൽ പരാതികൾ ഒന്നും തന്നെ രേഖപ്പെടുത്തിയതായി കാണാൻ സാധിച്ചിട്ടില്ല.

കേന്ദ്ര സർക്കാർ നിർദേശപ്രകാരം ഒരു വർക്ക് ഫയലിൽ താഴെപ്പറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ്. ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും.

1 **കവർപേജ്**

കവർപേജ് പ്രവൃത്തിയുമായി ബന്ധപ്പെട്ട പൊതു വിവരങ്ങൾ ഉൾക്കൊള്ളുന്ന രേഖയാണ് കവർപേജ് പരിശോധിച്ച് 6 പ്രവർത്തി ഫയലുകളിലും എ എം സി പ്രകാരമുള്ള കവർപേജ് കാണാൻ സാധിച്ചില്ല പകരം പ്രാദേശികമായ കവർപേജ് ആണ് ഉണ്ടായിരുന്നത്.

2 **ചെക്ക് ലിസ്റ്റ്**

പ്രവൃത്തി ഫയലിൽ ക്രമപ്രകാരം ഏതൊക്കെ രേഖകൾ എവിടെ ഏത് പേജ് മുതൽ സൂക്ഷിച്ചിരിക്കുന്നു എന്ന് മനസ്സിലാക്കുവാനുള്ള ആധികാരിക രേഖയാണ് ചെക്ക് ലിസ്റ്റ്. പരിശോധിച്ച് എല്ലാ ഫയലുകളിലും ചെക്ലിസ്റ് കാണുവാൻ സാധിച്ചില്ല. ചെക്ക് ലിസ്റ്റ് വർക്ക് ഫയലിൽ ഉൾപ്പെടുത്തുന്നതും കൃത്യമായി പേജ് നമ്പർ രേഖപ്പെടുത്തുന്നതും ഫയൽ കൈകാര്യം ചെയ്യുന്നത് എളുപ്പമാക്കും.

3 **<u>ആക്ഷൻ പ്ലാൻ / ഷെൽഫ് ഓഫ് വർക്ക് എന്നിവയുടെ അംഗീകരിച്ച കോപ്പി</u>**

പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് വർഷത്തിലെ ആനുവൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടതാണ് എന്ന് തെളിയിക്കാനുള്ള രേഖയാണ് ആക്ഷൻ പ്ലാനിംഗ് കോപ്പി പ്ലാൻ നിന്റെ കോപ്പി പരിശോധി പരിശോധിച്ച് എല്ലാവർക്കും ഫയലുകളിലും ആക്ഷൻ ലാൻഡ് കോപ്പി കാണുവാൻ സാധിച്ചില്ല വർക്ക് ഫലങ്ങളിൽ ആക്ഷൻ ആക്ഷൻ പ്ലാനിന് കോപ്പി ഉൾപ്പെടുത്തേണ്ടതാണ്.

4 **<u>ഭരണാനുമതി</u>**

പ്രവൃത്തി ചെയ്യുന്നതിന് നിർവഹണ സ്ഥാപനം നൽകുന്ന അനുമതിയാണ് ഭരണാനുമതി രേഖ. പരിശോധിച്ച് എല്ലാ ഫയലുകളിലും ഭരണാനുമതി രേഖ കാണുവാൻ സാധിച്ചു.

**<u>5 സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി</u>**

ഒരു പ്രവൃത്തി എങ്ങനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ്. എസ്റ്റിമേറ്റ് ഡിസൈൻ പൊതു പ്രവൃത്തിയുടെ പല്ലുകളിൽ എല്ലാം തന്നെ കാണാൻ സാധിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് മായി ബന്ധപ്പെട്ട രേഖകളിൽ തീയതി യോട് കൂടിയ ഒപ്പ് രേഖപ്പെടുത്തിയാൽ നന്നായിരിക്കും.

6 **<u>സാങ്കേതിക അനുമതി കോപ്പി</u>**

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരിക രേഖയാണ് സാങ്കേതിക അനുമതി രേഖ. പരിശോധിച്ച പൊതു പ്രവർത്തികളുടെ ഫയലുകളിൽ സാങ്കേതികാനുമതി യുടെ പകർപ്പ് കാണുവാൻ കഴിഞ്ഞു.

7 **<u>സംയോജിത പദ്ധതി</u>**

പരിശോധിച്ച് പ്രവർത്തികൾ സംയോജിത പദ്ധതിയിൽ ഉൾപ്പെടുന്നവയല്ല.

8 **<u>തൊഴിലിനുള്ള അപേക്ഷ</u>**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പെട്ട് നൽകുന്ന അപേക്ഷയാണ് ഡിമാൻഡ് ഫോം. തൊഴിൽ ആവശ്യപ്പെട്ടവർക്ക് 15 ദിവസത്തിനുള്ളിൽ ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖ കൂടിയാണ് ഡിമാൻഡ് form. തൊഴിലാളികൾ വ്യക്തിപരമായി അല്ല തൊഴിലിന് അപേക്ഷിക്കുന്നത് ഗ്രൂപ്പായാണ് അപേക്ഷ സമർപ്പിക്കുന്നത്. പ്രവർത്തി ഫയലുകളിൽ തൊഴിലിനുള്ള അപേക്ഷയായി തൊഴിലാളികളുടെ പേരും ഒപ്പും മാത്രമാണ് കാണാൻ കഴിഞ്ഞത്. തൊഴിലിന് അപേക്ഷിച്ച ദിവസം, എന്നു മുതൽ എന്നു വരെ തൊഴിൽ വേണം ഇങ്ങനെയുള്ള കാര്യങ്ങളൊന്നും കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല.

9 **<u>തൊഴിൽ അനുവദിച്ചതിനെ പകർപ്പ്</u>**

പ്രവർത്തി അനുവദിച്ചുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ് വർക്ക് അലോക്കേഷൻ ഫോം. പരിശോധിച്ച എല്ലാ ഫയലുകളിലും പ്രവർത്തി അനുവദിച്ചതിന്റെ പകർപ്പ് കാണുവാൻ സാധിച്ചില്ല.

10 **<u>മസ്റ്റർ റോൾ</u>**

പ്രവർത്തി സ്ഥലത്ത് തൊഴിലാളികളുടെ ഹാജർ രേഖപ്പെടുത്തുന്നതിനുള്ള രേഖയാണ് മസ്റ്റർ റോൾ പണി ആരംഭിക്കുന്നതിന് മുൻപ് രാവിലെയും അവസാനിച്ചതിനുശേഷം വൈകുന്നേരവും ദിവസം രണ്ട് പ്രാവശ്യം ഒപ്പ് വയ്ക്കണം തൊഴിലുറപ്പ് നൽകുന്ന പദ്ധതി ആയതിനാൽ ഏറ്റവും സൂക്ഷ്മതയോടെയും കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുകയും സൂക്ഷിക്കുകയും ചെയ്യേണ്ട അടിസ്ഥാന രേഖയാണ് മസ്റ്റർ റോൾ തൊഴിലാളികൾ തൊഴിൽ ചെയ്തു എന്ന് തെളിയിക്കുന്ന ആധികാരിക രേഖ കൂടിയാണിത്. മസ്ജിദ് റോളിൽ പേജ് നമ്പർ മെഷർമെന്റ് ബുക്ക് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. തൊഴിൽ ചെയ്ത ദിവസത്തെ തീയതി രേഖപ്പെടുത്താത്ത മസ്റ്റർ റോൾ കാണാൻ കഴിഞ്ഞിട്ടുണ്ട്. പ്രവർത്തിക്കു വേണ്ടി അനുവദിച്ച നൽകുന്ന എല്ലാ മസ്റ്റർ റോൾകളിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ തീയതിയോടെ കൂടിയ ഒപ്പ് സ്റ്റീൽ എന്നിവ ആവശ്യമാണ്. പഞ്ചായത്ത് തലത്തിൽ മസ്റ്റർ റോൾ നൽകുമ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പം തീയതിയും അവരുടെ സ്ഥാനം എന്നിവയും രേഖപ്പെടുത്താൻ ശ്രദ്ധിക്കണം.

11 **<u>മെഷർമെന്റ് ബുക്ക്</u>**

ഒരു പ്രവൃത്തി എസ്റ്റിമേറ്റ് പ്രകാരം കൃത്യമായ അളവിൽ ആണ് ചെയ്യേണ്ടതെന്നും ചെയ്തിരിക്കുന്നത് ഇപ്രകാരം തന്നെയാണ് എന്ന് മനസ്സിലാക്കാനുള്ള ആധികാരിക രേഖയാണ് മെഷർമെന്റ് ബുക്ക് മെഷർമെന്റ് ബുക്ക് കൃത്യമായി സൂക്ഷിച്ചതായി കാണുന്നു.

12 **<u>സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ ക്ഷണിച്ചതിന് യും കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് യും മെറ്റീരിയൽ സപ്ലൈ ഓർഡർന്റെയും കോപ്പി</u>**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ മെന്റ്. പൊതു പ്രവർത്തികൾക്ക് വേണ്ടി മെറ്റീരിയൽ ഉപയോഗിക്കേണ്ടി വന്നില്ല.

13 **<u>വേജ് ലിസ്റ്റ്</u>**

മാസ്റ്റർ റോളിൽ ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കാനുള്ള ആധികാരിക രേഖയാണ് വെജ് ലിസ്റ്റ്. കൃത്യസമയത്ത് ഹാജർ എം ഐ എസ് എൽ പെടുത്തി ലിസ്റ്റ് ആക്കുകയു വേതനം എഫ് ടി ഓ മുഖാന്തരം വേതനം തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിൽ എത്തിക്കുന്നതിനും വേണ്ട കാര്യങ്ങൾ കൃത്യതയോടെ ചെയ്യുന്നതായി മനസ്സിലായി. വേജ് ലിസ്റ്റ് പകർപ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുക പ്രവൃത്തികളിൽ എല്ലാം തന്നെ എം ഐ എസ് ഇൽ നിന്നുള്ള വേജ് ലിസ്റ്റ് പകർപ്പുകൾ കാണാൻ സാധിച്ചു.

14 **<u>വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റെ യും എഫ് ടി ഓ യുടെയും കോപ്പി</u>**

മസ്റ്റർ റോൾ ഉം വേജ് ലിസ്റ്റ് അനുസരിച്ച് തൊഴിലാളിക്ക് വേതനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ. എഫ് ടി ഓ പകർപ്പ് ഫയലുകളിൽ കാണുവാൻ സാധിച്ചിട്ടില്ല. അവ വയലുകളിൽ കൊണ്ടുവരാൻ ശ്രദ്ധിക്കണം

15 **<u>മെറ്റീരിയൽ വൗച്ചറിന്റെയും ബില്ലു കളുടെയും കോപ്പി</u>**

ഒരു പ്രവർത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധനസാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യൂമെന്റ്.

16 **<u>റോയൽറ്റി അടച്ചതിനെ രസീതിന്റെ കോപ്പി</u>**

ബാധകമല്ല

**<u>17 മൂന്ന് ഘട്ടങ്ങളായി ഉള്ള തൊഴിലിനെ ഫോട്ടോകൾ</u>**

പ്രവർത്തനവുമായി ബന്ധപ്പെട്ട് എടുക്കേണ്ട മൂന്നു ഫോട്ടോ പതിപ്പുകൾ അതായത് പ്രവർത്തനത്തിന് ആരംഭം പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ പ്രവർത്തനം പൂർത്തീകരിച്ച അപ്പോൾ എന്നീ മൂന്നുതരം ഫോട്ടോകൾ സൂക്ഷിക്കേണ്ടതാണ്. പരിശോധിച്ച ഫയലുകളിൽ ഫോട്ടോകൾ കാണാൻ സാധിച്ചിട്ടുണ്ട്.

18 **<u>പൂർത്തീകരിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പി</u>**

പ്രകൃതി പൂർത്തീകരിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്ന രേഖയാണ് പ്രവർത്തി പൂർത്തീകരണ സാക്ഷ്യപത്രം. പരിശോധിച്ച് ആറ് ഫയലുകളിൽ രണ്ടു ഫയലുകളിൽ മാത്രമേ പ്രവർത്തി പൂർത്തീകരണ സർട്ടിഫിക്കറ്റ് കോപ്പി കാണുവാൻ സാധിച്ചിട്ടുള്ളൂ.

19 **<u>മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ്</u>**

ഒരു പ്രവർത്തിയുടെ ഓരോഘട്ടത്തിലും മസ്റ്റർ റോൾ അനുവദിച്ച തൊഴിലാളികൾക്ക് വേതനം നൽകുന്നത് വരെയുള്ള ഓരോ ഘട്ടങ്ങളും ഏതൊക്കെ രീതിയിൽ നടന്നു എന്ന് മനസ്സിലാക്കാൻ ഉള്ളതാണ് മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് അഥവാ ട്രാക്കിംഗ് ഫോം. പരിശോധിച്ച പ്രവർത്തി ഫയലുകളിൽ ഫയൽ ട്രാക്കിംഗ് ഫോം കാണുവാൻ സാധിച്ചിട്ടുണ്ട് എങ്കിലും വിവരങ്ങള് അപൂർണമായിരുന്നു . ഫയൽ ട്രാക്കിംഗ്ഫോം പൂർണ്ണമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കണം.

20 **<u>ആസ്തിയുടെ ജിയോ ടാഗ് ഫോട്ടോകൾ</u>**

പ്രവർത്തികൾ ജിയോ ടാഗ് ചെയ്തിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോ ടാഗ് ഫോട്ടോഗ്രാഫ്. ജിയോ ടാഗ് ഫോട്ടോസ് ഫയലിൽ ലഭ്യമായിരുന്നില്ല.ഇത് ഫയലിൽ ഉൾപ്പെടുത്തേണ്ടത് അത്യാവശ്യം ആണ്.

21 **<u>സോഷ്യൽ ഓഡിറ്റിന്റെ കോപ്പി</u>**

പ്രവൃത്തി സോഷ്യൽ ഓഡിറ്റ്നു വിധേയമാക്കിയതാണോ എന്ന് പരിശോധിക്കാൻ സഹായി ക്കുന്ന രേഖയാണു സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട്.ആറു മാസം കൂടുമ്പോൾ ഓഡിറ്റ് ചെയ്യേണ്ടതാണു.

22 **<u>സൈറ്റ് ഡയറി</u>**

തൊഴിലുറപ്പ് പ്രവർത്തി സ്ഥലത്ത് ആ പ്രവൃത്തിയുമായി ബന്ധപ്പെട്ട നൽകുന്ന എല്ലാ കാര്യങ്ങളും എഴുതി വെക്കുന്നതിനുള്ള രേഖയാണ് സൈറ്റ് ഡയറി. പ്രകൃതി സ്ഥലം പ്രവൃത്തി സ്ഥലം സന്ദർശിക്കുന്ന പൊതു പ്രവർത്തകരും സാധാരണക്കാരും അവരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ആക്ഷേപങ്ങളും എഴുതേണ്ടത് സൈറ്റ് ഡയറി യിലാണ് പ്രൊജക്ട് മീറ്റിംഗ് മിനുട്സ് ഹാജരും സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ് തൊഴിലാളികൾക്ക് തൊഴിൽ സ്ഥലത്ത് അനുവദിച്ച നൽകിയിരിക്കുന്ന സൗകര്യങ്ങളുടെ വിവരങ്ങളും ഇതിൽ നിർബന്ധമായും എഴുതണം ഓരോ തൊഴിലാളികളും പണിസ്ഥലത്ത് കൊണ്ടുവരുന്ന പണിയായുധങ്ങളുടെ വിവരങ്ങളും രേഖപ്പെടുത്തണം. ജാഗ്രതാ സമിതിയുടെ റിപ്പോർട്ടും സൈറ്റ് ഡയറിയുടെ ഭാഗമായി ഉൾപ്പെടുത്താവുന്നതാണ്. മാറ്റിന്റെ പേരും വിലാസവും ഫോൺ നമ്പറും കൃത്യമായി സൈറ്റിൽ ഡയറിയിൽ രേഖപ്പെടുത്തേണ്ടതാണ്. പരിശോധിച്ച് ഫയലുകളിൽ സൈറ്റ് ഡയറി ഉണ്ട്. സൈറ്റ് ഡയറി പൂർണ്ണമായി രേഖപ്പെടുത്താൻ ശ്രദ്ധിക്കുക.

**അവകാശങ്ങളുമായി ബന്ധപ്പെട്ട തൊഴിലാളികളിൽ നിന്നും ചോദിച്ചറിഞ്ഞ് കാര്യങ്ങൾ**

1 <u>തൊഴിൽ കാർഡ് ലഭിക്കുന്നതിനുള്ള അവകാശം</u>

തൊഴിൽ കാർഡ് ആവശ്യപ്പെട്ട എല്ലാ തൊഴിലാളികൾക്കും സൗജന്യമായി തൊഴിൽകാർഡ് ലഭിക്കണമെന്ന് തൊഴിലാളികളുടെ അവകാശമാണ് എന്നാൽ നിലവിൽ തൊഴിലാളികൾക്ക സൗജന്യമായി തൊഴിൽ കാർഡ് ലഭിച്ചിട്ടില്ല. ഫോട്ടോ ഇനത്തിൽഎല്ലാ അപേക്ഷകർക്കും പൈസ ചെലവായിട്ടുണ്ട് എന്നറിയാൻ കഴിഞ്ഞു.

2 <u>അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാൻ ഉള്ള അവകാശവും ആയതിന്റെ കൈപറ്റു രസീത് ലഭിക്കുന്നതിനുള്ള അവകാശം</u>

തൊഴിൽ അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം തൊഴിലാളികൾക്ക് ഉണ്ട്. തൊഴിലിനുള്ള അപേക്ഷ ഗ്രൂപ്പ് ആയിട്ടാണ് നൽകാറുള്ളത് <u>എന്നറിയാൻ കഴിഞ്ഞു</u>

<u>3 അല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം ലഭിക്കുവാൻ ഉള്ള അവകാശം (ആദ്യത്തെ 30 ദിവസം 1/4 പിന്നീടുള്ള ദിവസങ്ങളിൽ 1/2 )</u>

തൊഴിലിനുള്ള അപേക്ഷ നൽകിയതിനുശേഷം തൊഴിൽ നൽകാതിരുന്ന ഒരു സാഹചര്യം നിലവിൽ ഉള്ള ഫയൽ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചില്ല അതുകൊണ്ട് തൊഴിലില്ലായ്മ വേതനം കൊടുക്കേണ്ടതായി വന്നില്ല.തൊഴിൽ ലഭിക്കാൻ കാലതാമസം ഉണ്ടാകാറില്ല എന്നും തൊഴിലാളികളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു

4 <u>ഷെൽഫ് ഓഫ് പ്രൊജക്റ്റ് തയ്യാറാക്കുന്നതിനുള്ള അവകാശം</u>

ഷെൽഫ് പ്രൊജക്ടിനെ കുറിച്ച് വേണ്ടത്ര അറിവ് തൊഴിലാളികൾക്ക് ഇല്ല.

<u>5. 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കാനുള്ള അവകാശം</u>

തൊഴിലാളികൾക്ക് അഞ്ച് കിലോമീറ്ററിനുള്ളിൽ തന്നെ തൊഴിൽ ലഭിക്കുന്നതായാണ് ണ് അറിയാൻ കഴിഞ്ഞത്.

6 <u>കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം ഇവ ലഭിക്കുന്നതിനുള്ള അവകാശം</u>

തൊഴിലാളികളുടെ പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നായ ജോലിസ്ഥലത്ത് കുടിവെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷാ സൗകര്യം എന്നിവ ലഭ്യമാക്കണമെന്ന് ഉണ്ടെങ്കിലും പ്രവർത്തി ഇടങ്ങളിൽ മേൽപ്പറഞ്ഞ ഇതൊന്നും ലഭ്യമായിട്ടില്ല എന്ന് കണ്ടെത്താൻ സാധിച്ചു.

7. <u>15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം</u>

15 ദിവസത്തിനുള്ളിൽ വേദനം ലഭിക്കുവാൻ ഉള്ള അവകാശം നിലനിൽക്കുന്നുണ്ടെങ്കിലും തൊഴിലാളികൾക്ക് കൃത്യസമയത്ത് വേതനം ഇപ്പോൾ ലഭിക്കുന്നില്ല തൊഴിലാളികളിൽ അധികം പേർക്കും 50 ദിവസത്തിൽ കൂടുതൽ തൊഴിന്റെ വേതനം ലഭിക്കുവാൻ ഉണ്ട് എന്ന് അറിയാൻ സാധിച്ചു.

8 <u>വേതന വിതരണത്തിലെ കാലതാമസത്തിന് നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം</u>

കൂലി ലഭിക്കാൻ വൈകുന്നത് നഷ്ടപരിഹാരത്തിന് അർഹത ഉണ്ടെങ്കിലും ഇതുവരെ ഒരു തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭ്യമായിട്ടില്ല

9 <u>സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിനുള്ള അവകാശം</u>

സമയബന്ധിതമായി ഉള്ള പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും നാളിതുവരെ ഒരു തൊഴിലാളിയും പരാതി നൽകിയതായി രേഖകളിൽ കാണുന്നില്ല.നിർവഹണ ഉദ്യോഗസ്ഥരോട് നേരിട്ടോ ഫോൺ മുഖാന്തിരമോ ആണ് തൊഴിലാളി കൾ പരാതികൾ പറയുന്നത്.

10. <u>സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം</u>

**സിറ്റിസൺ ഇൻഫർമേഷൻ ബോർഡ്**

പ്രവർത്തി സ്ഥലം സ ന്ദർശിച്ചപ്പോൾ മനസ്സിലാക്കാൻ സാധിച്ചത് ഒരു പ്രവർത്തിക്ക് ഉപയോഗിച്ച സൈൻബോർഡ് തന്നെയാണ് പിന്നീടുള്ള പ്രവൃത്തികൾക്ക് എല്ലാം തന്നെ ഉപയോഗിക്കുന്നത്.തൊഴിലാളികൾ അവരുടെ കൈയിൽ നിന്ന് പൈസ എടുത്ത് സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിച്ചത് ആയിട്ടും അറിയാൻ കഴിഞ്ഞിട്ടുണ്ട്.അതിൻറെ ചെലവായ തുക യുടെ ബില്ല് പഞ്ചായത്തിൽ എത്തിച്ചു രൂപ കൈ പറ്റാൻ ശ്രമിച്ചിട്ടില്ല.

**നിരീക്ഷണ പ്രശ്ന പരിഹാര സംവിധാനം**

തൊഴിലുറപ്പിന് 10 അവകാശങ്ങളിൽ ഒന്നായി സമയബന്ധിതമായി ഉള്ള പരാതി പരിഹാരത്തിന് ഉള്ള അവകാശം നിലനിൽക്കെത്തന്നെ പരാതികൾ പലവിധത്തിൽ ഉണ്ടെങ്കിലും ഈ അവകാശത്തെ കുറിച്ച് തൊഴിലാളികൾക്ക് അവബോധം ഇല്ലാത്തതുകൊണ്ടും നാളിതുവരെ ഒരു പരാതിയും പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല

**വി എം സി**

സോഷ്യൽ ഓഡിറ്റിനു വിധേയമാക്കുകയും പ്രവർത്തികളുടെ ഫയലുകളിൽ വിഎംസി മെമ്പർമാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട് എങ്കിലും നിലവിൽ അവർ ആക്ടീവായി പ്രവർത്തിക്കുന്നില്ല എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്.

**പൊതു നിർദ്ദേശങ്ങൾ**

**ഉദ്യോഗസ്ഥരോട്**

1 തൊഴിൽ കാർഡിലേക്ക് ആവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന് തന്നെ എടുത്തു കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്

2. അപേക്ഷിക്കുന്ന എല്ലാ തൊഴിലാളികൾക്കും തൊഴിൽ നൽകുന്നു എന്ന കാര്യം ഉറപ്പുവരുത്തുക

3 കാലാനുസൃതമായി തന്നെ ഓരോ പ്രവൃത്തിയും ഏറ്റെടുത്തു നടത്തുന്നതിനായി യഥാസമയം അവയുടെ അനുമതി നേടി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

4 ഓരോ പ്രവർത്തിയും ആരംഭിക്കുന്നതിനു മുൻപ് കൃത്യമായി പ്രൊജക്റ്റ് മീറ്റിംഗ് നടത്തേണ്ടതാണ് മീറ്റിംഗിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ നിർബ ന്ധമായും പങ്കെടുക്കുകയും ചെയ്യണം. പ്രവൃത്തിയെ കുറിച്ചും അളവിനെ കുറിച്ചും തൊഴിലാളികളോടും മേറ്റിനോടും വിശദമായി പറഞ്ഞു കൊടുക്കുകയും ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റ്ന്റെ മലയാളം പകർപ്പ് ലഭ്യമാക്കേണ്ടതാണ്.

5 പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ സാങ്കേതിക ജീവനക്കാർ പ്രവർത്തി സ്ഥലം സന്ദർശിച്ചു പ്രവർത്തിയുടെ പരിശോധനയും അളവെടുപ്പ് നടത്തി പോരായ്മകൾ തൊഴിലാളികൾക്ക് പറഞ്ഞു മനസ്സിലാക്കി കൊടുക്കേണ്ടതാണ്.

6 ഓരോ പ്രവൃത്തിയുടെയും സൈറ്റിൽ കുടിവെള്ളം പ്രഥമശുശ്രൂഷാ കിറ്റ് തണൽ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിൽ ജീവനക്കാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്

7സുരക്ഷാ സാമഗ്രികൾ ആവശ്യമായ പ്രവൃത്തികളിൽ അവ ലഭ്യമാക്കേണ്ടതാണ്.

8ഓരോ പ്രവൃത്തിയുടെയും വർക്ക് ഫയലുകൾ ആനുവൽ മാസ്റ്റർ സർക്കുലർ പ്രകാരം

നിഷ്കർഷിക്കുന്ന 22 രേഖകളിൽ ഉൾപ്പെട്ടവ ഉണ്ടെന്ന് ജീവനക്കാർ ഉറപ്പുവരുത്തേണ്ടതാണ്.

9 നിലവിൽ പൊതു ഗ്രാമസഭയിൽ തൊഴിലുറപ്പ് ഒരു അജണ്ട മാത്രമായി യോഗം കൂടുകയാണ് എന്നാണ് അറിയാൻ കഴിഞ്ഞത് പകരം തൊഴിലുറപ്പ് ഗ്രാമസഭ പ്രത്യേകം ചേരേണ്ടതാണ്.

**മേറ്റുമാരോട്**

1 തൊഴിലാളികളുടെ തൊഴിൽ കാർഡിൽ പ്രവൃത്തിയെ കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതും ഹാജർ അടയാളപ്പെടുത്തേണ്ടതും ആണ്. 2 തൊഴിലാളികളുടെ ഗ്രൂപ്പ് ഡിമാൻഡ് അപേക്ഷകൾ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് രസീത് തിരികെ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്

3 തൊഴിലാളികൾക്ക് യഥാസമയം പ്രവർത്തി സ്ഥലത്ത് ഹാജരാകുന്ന ഉണ്ടോയെന്നും ഹാജർ കൃത്യസമയത്ത് മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ് 4 പ്രവർത്തി സ്ഥലത്ത് വച്ച് തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണെങ്കിൽ അപകടത്തിന്റെ വിശദാംശങ്ങൾ സൈറ്റ് ഡയറിയിൽ രേഖപ്പെടുത്താനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5 സൈറ്റ് ഡയറിയിൽ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക

**തൊഴിലാളികളോട്**

1 പഞ്ചായത്തിൽ നിന്നും തൊഴിൽ അനുമതി ലഭിക്കാൻ കാത്തി രിക്കാതെ തൊഴിൽ ആവശ്യമുള്ള സമയത്ത് പഞ്ചായത്തിൽ അപേക്ഷ നൽകുകയും രസീത് കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക

2 അപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനത്തിനു അപേക്ഷിക്കുക.

3 തൊഴിലുറപ്പ് വേതനം കൃത്യമായി പാസ്ബുക്കിൽ രേഖപ്പെടുത്തുക

4 തൊഴിൽ കാർഡ് സ്വന്തം കൈവശം സൂക്ഷിക്കുക.

5 അവകാശങ്ങൾ ലഭ്യമാകാത്ത സാഹചര്യങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക

6 ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുക

**പദ്ധതിയിൽ തൊഴിൽ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

- അവിദഗ്ധകായികാധ്വാനം ചെയ്യാൻ സന്നദ്ധതയുള്ള വരും പഞ്ചായത്തിൽ സ്ഥിരതാമസക്കാരായ ആയിരിക്കണം
- 18 വയസ്സ് പൂർത്തിയായിരിക്കണം
- ഗ്രാമപഞ്ചായത്തിൽ അപേക്ഷിച്ച് 15 ദിവസത്തിനകം തൊഴിൽ കാർഡ് ലഭിക്കും
- കുറഞ്ഞത് 14 ദിവസത്തേക്ക് തൊഴിലിന് അപേക്ഷിക്കണം
- ജോലിക്ക് മുൻകൂറായി അപേക്ഷിക്കണം

- അപേക്ഷിച്ച് അപേക്ഷ ലഭിച്ച് 15 ദിവസത്തിനകം തൊഴിൽ അല്ലെങ്കിൽ നിശ്ചിത നിരക്കിൽ തൊഴിലില്ലായ്മ വേതനം

- തൊഴിൽ നൽകിക്കൊണ്ടുള്ള അറിയിപ്പ് രേഖാമൂലം നൽകണം

- മസ്റ്റർ റോൾ പൂർത്തീകരിച്ച് 15 ദിവസത്തിനകം കൂലി

- കാലതാമസം ആകുന്ന ഓരോ ദിവസത്തിനും0.05% നിരക്കിൽ നഷ്ടപരിഹാരം

- ആകെ തൊഴിലിന്റെ 1/ 3 സ്ത്രീകൾക്ക്, കുടുംബത്തിന് പരമാവധി 100 ദിവസം

- അഞ്ചു കിലോമീറ്ററിനുള്ളിൽ ജോലി അല്ലെങ്കിൽ 10% അധികം കൂലി

- കുടിക്കുവാനുള്ള വെള്ളം വിശ്രമ സൗകര്യം പ്രഥമശുശ്രൂഷ സൗകര്യം എന്നപണി ഇടങ്ങളിൽ ഉണ്ടായിരിക്കണം

- പരിക്കു പറ്റിയാൽ സൗജന്യചികിത്സ

- അപകടമരണം/ അംഗവൈകല്യത്തിനു നഷ്ടപരിഹാരം

- അഞ്ച് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ക്രഷ് സൗകര്യം

- കുട്ടിയ്ക്ക് തൊഴിൽ സ്ഥലത്ത് അപകടം പറ്റിയാൽ സൗജന്യചികിത്സ മരണത്തിന്, എക്സ്ഗ്രേഷ്യ.

**ഗ്രാമസഭയിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ, വിശദീകരണങ്ങൾ, തീരുമാനങ്ങൾ**

- കരട് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങളും തീരുമാനങ്ങളും ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ടിന് രൂപം നൽകാൻ തീരുമാനിച്ചു.

- തണൽ സൗകര്യത്തിനു ഉള്ള ഷീറ്റ് കുടിവെള്ള പാത്രം പ്രഥമശുശ്രൂഷ കിറ്റ് എന്നിവ പഞ്ചായത്തിൽ എത്തിച്ചാൽ ചെലവായ തുക തൊഴിലാളികൾക്ക് ലഭിക്കുമെന്ന്ഉറപ്പ് വരുത്തി

- സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കൃത്യമായി സ്ഥാപിക്കാൻ തീരുമാനിച്ചു

- ഇതുവരെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കാതിരുന്നത് 2018 -2019 ലെ സിറ്റിസൺ ഇൻഫർമേഷൻ ബോർഡിൻറെ ക്വട്ടേഷൻ ആരും സ്വീകരിക്കാത്തതിനാൽ ആണ് എന്നും ഇനിമുതൽ സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് സ്ഥാപിക്കുമെന്നും തീരുമാനിച്ചു

- മഴക്കുഴികളിൽ വാഴ തെങ്ങിൻതൈ എന്നിവ നടുന്നതും വേസ്റ്റ് ഇടുന്നതും പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ കാണാൻ കഴിഞ്ഞിരുന്നു ഗ്രാമസഭയിൽ മഴക്കുഴിയുടെ ആവശ്യകതയെക്കുറിച്ചും ഭൂവുടമകളെ പറഞ്ഞു ബോധ്യപ്പെടുത്തും എന്ന് തീരുമാനിച്ചു

- വിജിലൻസ് ആൻഡ് മോണിറ്ററിങ് കമ്മിറ്റി കാര്യക്ഷമമാക്കുന്നതിന് തീരുമാനിച്ചു

- തൊഴിൽ കാർഡിനുള്ള ഫോട്ടോ പഞ്ചായത്തിൽ നിന്ന് എടുക്കാൻ നിർദ്ദേശിച്ചു

- പ്രായമേറിയ ആളുകൾക്ക് അനുയോജ്യമായ തൊഴിലുകൾ കണ്ടെത്താനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യണമെന്ന് തൊഴിലാളികളിൽ നിന്ന് ആവശ്യപ്പെട്ടു,.

- തൊഴിലാളികൾ അവരുടെ അവകാശങ്ങളെ കുറിച്ച് ബോധവാന്മാരാക്കുകയും അവകാശങ്ങൾ നേടിയെടുക്കുകയും ചെയ്യാൻ തീരുമാനിച്ചു.

- മേറ്റുമാർ എടുത്ത്പണിയുടെ അളവുകൾ കൃത്യമായി തന്നെ പഞ്ചായത്തിൽ എത്തിക്കും എന്ന് തീരുമാനിച്ചു.

- തൊഴിലാളികൾ ഭൂവുടമകൾ ആവശ്യപ്പെട്ടത് കൊണ്ട് കാട് വെട്ടൽ പ്രവർത്തി ചെയ്തു എന്ന് അറിയാൻ കഴിഞ്ഞിരുന്നു ഗ്രാമസഭയിൽ കാട് വെട്ടൽ പ്രവൃത്തി ഇനി ചെയ്യില്ല എന്ന് തീരുമാനിച്ചു,

- ദേവി എന്ന തൊഴിലാളിയുടെ തൊഴിൽ കാർഡ് മേറ്റിന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടതായി അറിയാൻ കഴിഞ്ഞു തൊഴിൽ കാർഡ് എങ്ങനെ നഷ്ടമായി എന്ന് വ്യക്തത ഇല്ലാത്തതിനാൽ തൊഴിൽ കാർഡ് റീ ഇഷ്യൂ ചെയ്ത് കിട്ടിയിരുന്നില്ല, ഗ്രാമസഭയിൽ തൊഴിലാളിയോട് നേരിട്ട് പഞ്ചായത്തിൽ എത്തി അപേക്ഷ സമർപ്പിക്കുവാൻ തീരുമാനാമായി

- തൊഴിൽ ചെയ്തുകഴിഞ്ഞാൽ ഭൂവുടമകൾ നികുതി അടച്ച്തിൻറെ റസീത് തൊഴിലാളികൾക്ക് നൽകാൻ മടിക്കാറുണ്ട് എന്നു അറിയാൻ കഴിഞ്ഞിരുന്നു, ഗ്രാമസഭയിൽ തൊഴിൽ തുടങ്ങുന്നതിനു മുൻപ് തന്നെ നികുതി രസീത് വാങ്ങി സൂക്ഷിക്കാൻ തീരുമാനിച്ചു